കണ്ണൂരിലെ കാട്ടാമ്പള്ളി ജലസേചന പദ്ധതി

108 [313] ശ്രീ. പി. ഭാസ്ക്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിലെ കാട്ടാമ്പള്ളി ജലസേചന പദ്ധതിയുടെ രണ്ടാം ഘട്ടം എന്ന് ആരംഭിക്കും;

(ബി) ഇതു സംബന്ധിച്ചു വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

ഉത്തരം

(എ) കാട്ടാമ്പള്ളി ജലസേചന പദ്ധതിക്ക് ഏഴാം പഞ്ചവൽസര പദ്ധതിയുടെ ആദ്യ വർഷമായ 1985.86-ൽ യാതൊരു തുകയും വക കൊള്ളിച്ചിട്ടില്ല. അതിനാൽ ബാക്കി പണികളും എപ്പോൾ തുടങ്ങുമെന്ന് വ്യക്തമല്ല.

(ബി) ഉണ്ട്.

ശിരുവാണി ജലസേചന പദ്ധതി

109 [314] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിരുവാണി ജലസേചന പദ്ധതിയുടെ നിർമ്മാണം പൂർത്തിയായോ;

(ബി) പ്രസ്തുത ഡാമിന് ചോർച്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഡാമിന്റെ പണി പൂർത്തിയായി. അനുബന്ധ പണികൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) ഉണ്ട്. ഡ്രെയിനേജ് ഹോളുകളിൽ ചിലതിൽകൂടി വെള്ളം ചോരുന്നുണ്ട്. ഇത് തടയുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

കാഞ്ഞിരപ്പുഴ പദ്ധതി

110 [315] ശ്രീ. ഇ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പുഴ പദ്ധതിക്കു ആവശ്യം കഴിഞ്ഞ് മണ്ണാർക്കാട്—പാലക്കാട് റോഡിൽ ശിരുവാണി റോഡരികിലുള്ള പുറമ്പോക്കു ഭൂമി പഞ്ചായത്താവശ്യത്തിന് ലഭിക്കണമെന്നു കാണിച്ച് നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം പഞ്ചായത്തിന് വിട്ടുകൊടുത്ത് ഉത്തരവ് പുറപ്പെടുവിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിവേദനം ഡിപ്പാർട്ടുമെൻറിൽ കിട്ടിയിട്ടുണ്ട്.

(ബി) പ്രസ്തുത നിവേദനം പരിശോധിച്ചുവരികയാണ്.

ഉളിക്കൽ ശുദ്ധജല വിതരണ പദ്ധതി

111 [316] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട ഉളിക്കൽ കേന്ദ്രമായുള്ള ശുദ്ധ ജലവിതരണ പദ്ധതി നെല്ലിക്കാംപൊയിൽവരെ നീട്ടുകയുണ്ടായിട്ടുണ്ടോ;

(ബി) ഇതിൻെറ പണി എന്ന് പൂർത്തിയായി;

(സി) ഈ എക്സ്റ്റൻഷൻ വർക്ക് കമ്മീഷൻ ചെയ്തു കഴിഞ്ഞോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്താണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) 1984 മേയ് മാസം പണികൾ പൂർത്തിയായിട്ടുണ്ട്.

(സി) ജോലികൾ പൂർത്തിയായിക്കഴിഞ്ഞ ഉടൻതന്നെ പ്രസ്തുത പൈപ്പുകളിൽ കൂടി ശുദ്ധജലവിതരണം നടത്തിത്തുടങ്ങിയിട്ടുണ്ട്.

(ഡി) ഉദിക്കുന്നില്ല.

കേരളപുരം, എടവട്ടം പ്രദേശങ്ങളിൽ വാട്ടർ സപ്ലൈ സ്കീം

112 [317] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമോൽസവം നടക്കുന്ന പെരിനാട് പഞ്ചായത്തിലെ കേരളപുരം, എടവട്ടം എന്നീ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ ശുദ്ധജലക്ഷാമം പരിഗണിച്ച് ഈ പ്രദേശം കേന്ദ്രീകരിച്ച് ഒരു വാട്ടർ സപ്ലൈ സ്കീം ആവിഷ്ക്കരിക്കണമെന്ന് ഗവൺമെൻറിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഇതിൻെറ പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പ്രസ്റ്റിമേറുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

കണ്ണൂർ തലശ്ശേരി മുനിസിപ്പാലിറ്റികളിലെ ശുദ്ധജലവിതരണ പദ്ധതി

113 [318] ശ്രീ. പി. ഭാസ്കരൻ: താഴെ കാണുന്ന ചോദ്യത്തിന് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly